വലിയശാല എൽ. പി. എസ്.

1418. [2014] ശ്രീ. കെ. ശങ്കരനാരായണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാല ബോയിസ് ഹൈസ്ക്കൂൾ കാംപൗണ്ടിൽ പ്രവർത്തിക്കുന്ന വലിയശാല എൽ. പി. എസ്. ഹൈസ്ക്കൂൾ കാംപൗണ്ടിൽ ഇപ്പോൾ മെയിൻറനൻസ് നടത്തിയ കെട്ടിടത്തിലേയ്ക്കു മാറ്റി സ്ഥാപിക്കണമെന്ന നിവേദനം പി. ടി. എ. നൽകിയിട്ടുണ്ടോ ;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ മെയിൻറനൻസ് നടത്തിയ കെട്ടിടങ്ങളിലേയ്ക്കു തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് സ്ഥാപിക്കാൻ തീരുമാനിച്ചു കഴിഞ്ഞതിനാൽ നിവേദനം സ്വീകാര്യമല്ല.

പുല്ലയിൽ എൽ. പി. എസ്. കെട്ടിടം

1419. [2015] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പുളിമാത്തു പഞ്ചായത്തിൽ 100 വർഷത്തോളം പഴക്കം ചെന്ന പുല്ലയിൽ എൽ. പി. എസ്സിന്റെ കെട്ടിടം പണി കുട്ടികളുടെ സുരക്ഷിതത്വം കണക്കിലെടുത്തു എത്രയും പെട്ടെന്ന് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ആകെ എത്ര സ്ക്കൂൾ കെട്ടിടങ്ങൾ പണിയാനാണ് തുക വക കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുല്ലയിൽ എൽ. പി. സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനായുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക നില മെച്ചമാകുന്ന മുറയ്ക്ക് യഥാസമയം കെട്ടിടം പണി നടത്തുന്നതാണ്.

(ബി) 1573.

കയറാടി എൽ. പി. സ്ക്കൂളിന്റെ അംഗീകാരം

1420. [2016] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കൊല്ലങ്കോട് എ. ഇ. ഒ. യുടെ അധികാര പരിധിയിൽപ്പെട്ട കയറാടി എൽ. പി. സ്ക്കൂളിന്റെ അംഗീകാരം സമഗ്രമായ ഒരന്വേഷണം നടത്തിയ ശേഷം മാത്രമേ പിൻവലിക്കാവൂ എന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly